# വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി

## ഒരു ആമുഖം

മനുഷ്യരാശിയുടെ പുരോഗതിയിൽ കലയുടെ സംഭാവന നിസ്തുലമാണ്. ആദിമനുഷ്യസമൂഹംപോലും കലയിലും സംഗീതത്തിലും അഭിരമിച്ചിരുന്നുവെന്നുള്ളത് ലോകമെമ്പാടും കണ്ടെത്തിയിട്ടുള്ള ശിലാചിത്രങ്ങളിൽ നിന്നും വ്യക്തമാണ്. ലോകത്തെമ്പാടും കലയും സാഹിത്യവും മനുഷ്യ ജീവിതത്തെ സ്പർശിച്ചും പരിവർത്തനം ചെയ്തും പോയിട്ടുണ്ട്. ഒരു ജനതയുടെ പൊതു സ്വത്വത്തിനെ പ്രതിഫലിപ്പിക്കുന്നതാണ് അതിന്റെ കലയും സാഹിത്യവും. ഒരു പ്രദേശത്തിന്റെ മിത്തുകളും പുരാവൃത്തങ്ങളും ഇതിഹാസങ്ങളും കലയും സംഗീതവും ആ പ്രദേശത്തെ ജനസമൂഹത്തിന്റെ മൂല്യബോധത്തെ നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. വൈവിധ്യമാർന്ന കലാരൂപങ്ങളാൽ സമ്പന്നമാണല്ലോ കേരളം. നമ്മുടെ ക്ലാസിക്കൽ, നാടോടി കലാരൂപങ്ങൾ ലോകോത്തരമാണെന്ന് കൂടിയാട്ടത്തിനേയും, മുടിയേറ്റിനേയും മുൻനിർത്തി ഐക്യരാഷ്ട്രസഭ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ കലാസമ്പത്തിന്റെ ശക്തി സ്രോതസിനെ കണ്ടെത്തി സമൂഹ മധ്യത്തിൽ തുറന്നു വയ്ക്കുകയാണ് വജ്രജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി. സാമൂഹ്യ കലാ പരിശീലനം (Community art training) എന്നതാണ് ഇതിന്റെ രീതിശാസ്ത്രം. ബഹുമുഖമാണിതിന്റെ ലക്ഷ്യങ്ങൾ. ഒരേ സമയം പരിശീലകനും പരിശീലനാർത്ഥിക്കും ഗുണകരമാംവിധം ഇത് രൂപകല്പന ചെയ്തിട്ടുണ്ട്. സുകുമാരകലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കൾക്ക് സാമൂഹ്യ കലാ പരിശീലനത്തിന് വേദി ഒരുക്കുന്നതോടൊപ്പം രണ്ട് വർഷക്കാലം ഫെലോഷിപ്പ് നൽകി പിന്തുണയ്ക്കുകയും ചെയ്യുന്നു. കലാകാരന്മാർക്ക് അംഗീകാരം നൽകുകയും അവരുടെ ഭാവി കലാപ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കുകയുമാണ് ചെയ്യുന്നത്.

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി വഴി കലാപഠന പരിശീലനത്തിനായി സംസ്ഥാനത്തൊട്ടാകെ ആയിരം കലാകേന്ദ്രങ്ങൾ തുറന്നിരിക്കുകയാണ്. സാംസ്കാരിക ഭവനുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, യുവജനകലാ സമിതികൾ, വിദ്യാലയങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ പ്രായഭേദമന്യേ എവർക്കും കലാഭ്യസനത്തിന് സൗകര്യം ഒരുക്കിയിരിക്കുന്നു. ക്ലാസിക്കൽ, സമകാലീന, നാടോടി കലാരൂപങ്ങളിൽ അതിനിപുണരായ ഫെലാഷിപ്പ് കലാകാരന്മാർ രണ്ടു വർഷം നീണ്ടു നിൽക്കുന്ന കലാപരിശീലനം സൗജന്യമായി നൽകുന്നതാണ്. സാംസ്കാരിക വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി നമ്മുടെ ഗ്രാമങ്ങളേയും പട്ടണങ്ങളേയും സജീവ കലാകേന്ദ്രങ്ങളാക്കി മാറ്റുമെന്നുറപ്പാണ്. പഠിതാക്കളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ വ്യക്തിത്വ വികാസത്തിനും ഈ പദ്ധതി സഹായിക്കുന്നു. അവർക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും പകരുന്നതാണിത്. പ്രത്യുത്പന്നമതികളും സാമൂഹ്യ പ്രതിബദ്ധരുമായ ഒരു നവയുവതയായിരിക്കും ഈ പദ്ധതിയുടെ ആത്യന്തിക ഉല്പന്നം.

ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള 175 ലധികം ക്ലസ്റ്ററുകളിലാണ് 1000 ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ, നഗരസഭാ വാർഡുകൾ എന്നിവിടങ്ങളിൽ ലഭ്യമായ പൊതു സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് 1000 കലാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഓരോ കേന്ദ്രത്തിലും അതാത് ക്ലസ്റ്ററുകളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നതും വിവിധ കലാരൂപങ്ങളിൽ നിപുണരുമായ ഫെലോഷിപ്പ് കലാകാരന്മാർ ആഴ്ചയിൽ നാലു ദിവസങ്ങളിൽ കലാപരിശീലനം നൽകുന്നു. കേരളത്തിന്റെ തനത് ക്ലാസിക്കൽ കലാരൂപങ്ങളുടെ ആസ്വാദന ക്ലാസ്സുകളും, സോദാഹരണ ക്ലാസ്സുകളും, തുടർന്ന് കലാപഠന പരിശീലനവുമാണ് ഒരുക്കിയിട്ടുള്ളത്. കലാപരിശീലനത്തിന് പുറമേ ഓരോ പ്രദേശത്തും ക്ഷയോന്മുഖമായ തനത് കലാരൂപങ്ങൾ കണ്ടെത്തി അവയുടെ പുന:രുജ്ജീവനത്തിനും പ്രചരണത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്ന ചുമതലയും ഫെലോഷിപ്പ് കലാകാരന്മാർ നിർവ്വഹിക്കുന്നതാണ്. കൂടാതെ സർക്കാരിന്റേയും പ്രാദേശിക സ്വയംഭരണ സർക്കാരുകളുടേയും ക്ഷേമപദ്ധതികൾ സംബന്ധിച്ച പ്രചരണത്തിനും ഈ കലാകാരന്മാർ സഹായിക്കുന്നതാണ്. മദ്യം, മയക്കുമരുന്ന്, അനാചാരങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്ക്കരണവും പ്രാദേശിക കലാസമിതികൾക്ക് നേതൃപരമായ പിന്തുണയും ഫെലോഷിപ്പ് കലാകാരന്മാർ നൽകുന്നതാണ്.

കേരളത്തിന്റെ കലാസാംസ്കാരിക മേഖലയെ ജീവസ്സുറ്റതാക്കുന്നതായിരിക്കും വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഓരോ ഗ്രാമവും, ഓരോ നഗരസഭാ വാർഡും കലയുടെ സജീവ പ്രയോഗ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യപ്പെടുകയും പുതുതലമുറയിൽപ്പെട്ടവർ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുകയെന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ ലക്ഷ്യ പ്രാപ്തിക്കായി സാംസ്കാരിക വകുപ്പും, സംസ്ഥാനത്തെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും പരിശ്രമിക്കുകയും പിന്തുണ നൽകുകയും ചെയ്യും.

കേരള സർക്കാരിന്റെ വിപ്ലവകരവും അഭിമാനാർഹവുമായ ഈ ബൃഹത് പദ്ധതിയുടെ ഔദ്യോഗികമായ ഉദ്ഘാടനം തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ 27.02.2019 ന് നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുകയുണ്ടായി. ഉദ്ഘാടന ശേഷം വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ, ഏകദേശം മൂന്ന് മണിക്കൂർ നീണ്ടു നിന്ന വർണ്ണോജ്ജ്വലമായ കലാപ്രകടനവും സംഘടിപ്പിച്ചിരുന്നു. മിക്ക ക്ലസ്റ്ററുകളും ( കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്) സ്വന്തം നിലയിൽ ഗംഭീരമായ ഉദ്ഘാടന ചടങ്ങുകളോടെയാണ് കലാപഠന ക്ലാസ്സുകൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി ചുരുക്കി ചുവടെ ചേർക്കുന്നു.

a) 1000 യുവകലാകാരന്മാരെ 175 ക്ലസ്റ്ററുകളിലായി സംസ്ഥാനത്തെമ്പാടുമായി വിന്യസിച്ചുവെങ്കിലും പദ്ധതിയിൽ നിന്നും കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റി പിൻമാറിയ സാഹചര്യത്തിൽ നിലവിൽ 174 ക്ലസ്റ്ററുകളിൽ ക്ലാസുകൾ നടന്നു വരുന്നു. ഉന്നത പഠനം , ജോലിയിൽ പ്രവേശിക്കൽ തുടങ്ങിയ കാരണങ്ങളാൽ 30 കലാകാരന്മാർ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പകരക്കാരെ കണ്ടെത്താൻ നടപടി സ്വീകരിച്ചു വരുന്നു.

b) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടിസ്ഥാനമാക്കി ആകെ 1000 പരിശീലന കേന്ദ്രങ്ങൾ നിശ്ചയിച്ച് നൽകി.

c) പദ്ധതി മാർഗ്ഗരേഖ സാംസ്കാരിക വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും പുറപ്പെടുവിച്ചു കഴിഞ്ഞു.

d) സംസ്ഥാനത്തെമ്പാടുമായി 818 പരിശീലന കേന്ദ്രങ്ങളിൽ കലാപരിശീലന ക്ലാസ്സുകൾ മുടക്കം കൂടാതെ നടക്കുന്നു. ഇവയുടെ ലിസ്റ്റ് തുടർന്നു വരുന്ന പേജുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

e) സംസ്ഥാനത്ത് ആകെ 60,000 ന് മുകളിൽ പഠിതാക്കൾ ഈ പദ്ധതിയിൻ കീഴിൽ കലാപരിശീലനം നേടുന്നു.

f) ആകെ 40 ഓളം കലാവിഷയങ്ങളിൽ പരിശീലനം നൽകുന്നു.

g) ഒരു കേന്ദ്രത്തിൽ ചുരുങ്ങിയത് 3 വിഷയങ്ങൾ പരിശീലിപ്പിക്കുന്നു.

h ) എല്ലാ വിഷയങ്ങളുടെയും പരിശീലനത്തിനായി സിലബസ് ലഭ്യമാക്കി

i) പരിശീലനത്തിനായി വാദ്യോപകരണങ്ങളും പഠന സാമഗ്രികളും ലഭ്യമാക്കി വരുന്നു.